ഹരിതകേരളം മിഷൻ
കേരള സർക്കാർ

<u>പ്രസിദ്ധീകരണത്തിന്</u>

14.08.2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം ഇന്ന് (15.08.2017)

## വൈകുന്നേരം പ്രതിജ്ഞയും ശുചിത്വസന്ധ്യയും സംഘടിപ്പിക്കും

കേരളത്തെ സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാനമാക്കി മാറ്റാനുള്ള മഹായജ്ഞത്തിന് ഭാരതത്തിന്റെ 71-ാം സ്വാതന്ത്ര്യ ദിനമായ ഇന്ന് (15.08.2017 ന്) സർക്കാർ തുടക്കമിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിക്കുന്നത്. പദ്ധതി നടത്തിപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായി.

ജില്ലാതലത്തിൽ മന്ത്രിമാർ പങ്കെടുക്കുന്ന സ്വാതന്ത്ര്യദിന ചടങ്ങുകൾക്കു ശേഷം 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനം നടത്തും. തദ്ദേശഭരണ സ്ഥാപനങ്ങ ളിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനപരിപാടികളിലും ഈ പ്രഖ്യാപനം നടത്തും. അന്നും പിറ്റേദിവസവും ജനപ്രതിനിധികൾ അടങ്ങുന്ന സന്നദ്ധസേവന പ്രവർത്തകർ ഭവനസന്ദർശനവും ബോധവല്ക്കരണ പ്രവർത്തനവും നടത്തും.

വൈകുന്നേരം 4 മുതൽ 7 വരെ വാർഡ് തലത്തിൽ ശുചിത്വസംഗമം സംഘടിപ്പിക്കും. സന്നദ്ധപ്രവർത്തകർ ആഗസ്റ്റ് 6 മുതൽ 13 വരെ നടത്തുന്ന ഗൃഹസന്ദർശനത്തോടനുബന്ധിച്ചു നടത്തിയ അവസ്ഥനിർണ്ണയ പഠനത്തിന്റെ ക്രോഡീകരണം, അവതരണം, മാലിന്യസംസ്ക്കരണം ഫലപ്രദമായി നടത്തിയ സ്ഥാപനങ്ങൾ, കുടുംബങ്ങൾ, ഹരിത പ്രോട്ടോക്കോൾ നടപ്പാക്കിയ സ്ഥാപനങ്ങൾ എന്നിവയുടെ അനുഭവസാക്ഷ്യ വിവരണവും അനുമോദനവും സംഘടിപ്പിക്കും. ഇതോടൊപ്പം വൈകുന്നേരം 7ന് ശുചിത്വ ദീപസന്ധ്യയും സമ്പൂർണ്ണ മാലിന്യ നിർമ്മാർജ്ജന വാർഡായി പ്രഖ്യാപിക്കുന്നതിനുള്ള പ്രതിജ്ഞയും സംഘടിപ്പിക്കും. ഇതേ സമയം എല്ലാ വീടുകളിലും ശുചിത്വദീപവും തെളിയിക്കും.

മാലിന്യ നിർമ്മാർജ്ജനത്തിനും ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനും സമഗ്രവും ശാസ്ത്രീയവുമായ പദ്ധതികളാണ് നടപ്പാക്കുന്നത്. ഇതിനായി കമ്യൂണിറ്റി തല മാലിന്യസംസ്കരണ പദ്ധതികൾക്കും രൂപം നൽകും.

തുടർച്ച....

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

തദ്ദേശ സ്വയംഭരണ സ്ഥാപനപരിധിയിൽ വ്യക്തി, കുടുംബം എന്നിവയ്ക്കു പുറമെ വീടുകൾ, ഗേറ്റഡ് കോളനികൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, കമ്പോളങ്ങൾ, വ്യവസായ ശാല കൾ എന്നിവിടങ്ങളിലെ മാലിന്യം കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ 334 (എ) വകുപ്പി ലെ നിബന്ധനപ്രകാരം അതുൽപ്പാദിപ്പിക്കുവരുടെ ഉത്തരവാദിത്വത്തിൽ തന്നെ സംസ്ക രിക്കുക എന്നതാണ് സമീപനം. എങ്കിലും വീടുകളിലെ സ്ഥലപരിമിതിയും മാലിന്യത്തി ന്റെ അളവും സ്വഭാവവും കണക്കിലെടുത്ത് ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരി ക്കാൻ കഴിയാത്ത സാഹചര്യത്തിൽ കമ്മ്യൂണിറ്റിതല മാലിന്യസംസ്കരണ പദ്ധതികളിലൂടെ മാലിന്യസംസ്കരണം സാധ്യമാക്കും. ആവശ്യമെങ്കിൽ ചില സ്ഥലങ്ങളിൽ കേന്ദ്രീകൃത സംവിധാനവും സ്ഥാപിക്കും.

മാലിന്യ മുക്തകേരളം എന്ന ലക്ഷ്യ സാക്ഷാത്കാരത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബഹുജന പ്രസ്ഥാനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേ തുണ്ട്. ഇതിനായി സൂക്ഷ്മതലം മുതൽ ബഹുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള സംഘടനാ സംവിധാനവും ഒപ്പം മാലിന്യ സംസ്കരണത്തിനുള്ള വിവിധ സാങ്കേതിക വി ദ്യകളും പ്രയോജനപ്പെടുത്തും. കുടുംബശ്രീ ഉൾപ്പെടെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനങ്ങളുടെയും സർക്കാരിതര സംഘടനകളുടെയും സേവനം ലഭ്യമാക്കും.

ശുചിത്വ-മാലിന്യ സംസ്കരണ യജ്ഞം സൂക്ഷ്മതലത്തിൽ നടപ്പിലാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷ നുകൾക്കുമായിരിക്കും. ബ്ലോക്കുതലത്തിലെ ഏകോപനം ബ്ലോക്കുമിഷൻ ഉറപ്പാക്കും. ഉത്തരവാദിത്തങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷനുകൾ യോഗം ചേർന്ന് ആസൂത്രണം നടത്തും.

പദ്ധതിയുടെ കുറ്റമറ്റ നിർവ്വഹണത്തിന് തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺ മാർക്കും അനുബന്ധ പ്രവർത്തകർക്കും ഹരിതകേരളം മിഷൻ, കില, ശുചിത്വമിഷൻ എന്നിവരുടെ സഹായത്തോടെ സമഗ്രപരിശീലനം നൽകിയിട്ടുണ്ട്.

സന്നദ്ധപ്രവർത്തകരുടെ ഗൃഹസന്ദർശന വേളയിൽ വിവരശേഖരണ പ്രവർത്തന ത്തിന്റെ ഭാഗമായി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ ഭൂപ്രദേശം മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര ശുചിത്വ പദ്ധ തി തയ്യാറാക്കുകയും അത് മുൻഗണനകളും കാലഗണനയും നിശ്ചയിച്ച് സമഗ്ര ശുചിത്വ പദ്ധതിയാക്കി മാറ്റുകയും ചെയ്യും. നവംബർ 1 ന് ശുചിത്വ മാലിന്യ സംസ്കരണ പദ്ധതിക ളുടെ നിർവ്വഹണ ഉദ്ഘാടനം സംഘടിപ്പിക്കും. 2018 മാർച്ച് മൂന്നാം വാരത്തിന് മുമ്പ് ശുചി ത്വ-മാലിന്യ സംസ്കരണ പദ്ധതികൾ പൂർത്തീകരിക്കുവാനാണ് കർമ്മപരിപാടികൾ തയ്യാ റാക്കിയിട്ടുള്ളത്.

ഡോ. ടി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

ഡോ. ആർ. അജയകുമാർ വർമ്മ
ടെക്നിക്കൽ അഡ്വൈസർ